ശരിയാണെങ്കിൽ 50 ഏക്കറോളം സ്ഥലം വിൽക്കുകയുണ്ടായി എന്നാണ്. അതിനു ശേഷം കുറച്ചുകാലം പ്രവർത്തനം ഇടതുകയും വീണ്ടും പൂട്ടുകയും വീണ്ടും അതേ നിലയിലേക്ക് പോവുകയുമൊക്കെ ചെയ്ത തൊഴിൽവകുപ്പിന് അനുമതി കൊടുക്കാനുള്ള അധികാരമില്ല, മാത്രമല്ല, പ്ലാന്റേഷൻ ഭാഗങ്ങളായി മുറിച്ചുവിറ്റ് ഇത് നടത്തി കൊണ്ടുപോകണമെന്ന് പറയുന്ന സമീപനത്തോട് യോജിക്കാനും സാധിക്കില്ല. മാനേജ്മെന്റുകളുടെ നിഷേധാത്മകമായ ഈ നിലപാട് കണക്കിലെടുത്ത് ഈ എസ്റ്റേറ്റുകൾ Tea Act പ്രകാരം ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാൻ ലേബർ ഡിപ്പാർട്ടുമെന്റ് തീരുമാനിച്ചിരിക്കുകയാണ്. Tea Act പ്രകാരം മാത്രമേ ഇത് ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ ബോണക്കാട് എസ്റ്റേറ്റിൽ അതിന്റെ സാധ്യത പരിശോധിച്ചുവരികയാണ്. ഇത് പൂർണ്ണമായി Tea ആയതുകൊണ്ട് Tea Act പ്രകാരം കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കണമെന്നുള്ള നിർദ്ദേശം അയയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ ഓണക്കാലത്ത് റിലീഫ് നൽകുന്ന ലിസ്റ്റിൽ കോട്ടമല, ബോണാമി എസ്റ്റേറ്റിലെ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അവർക്ക് ഓണക്കാലത്ത് റിലീഫ് നല്കുന്നതായിരിക്കും.

6. കൃാബിനറ്റ് തീരുമാനം നടപ്പാക്കൽ

<u>ശ്രീ. എ. എം. ആരിഫ്</u> : സർ, ഇൻഡ്യയിൽ ഏറ്റവും കൂടുതൽ മത്സ്യവിഭവങ്ങൾ കയറ്റുമതി ചെയ്യുന്നതിന് തയ്യാറാക്കുന്ന പ്രദേശമെന്ന നിലയിലാണ് ഇൻഡ്യാ ഗവൺമെന്റിന്റെ Foreign Trade Policy പ്രകാരം അരൂരിനെ 'Centre of Excellence' അഥവാ 'മികവിന്റെ പട്ടണ'മായി പ്രഖ്യാപിച്ചത്. അരൂരിൽ നിന്ന് പ്രതിവർഷം 4,500 കോടി രൂപയുടെ കയറ്റുമതിയാണ് നടത്തുന്നത്. എന്നാൽ ഈ പ്രദേശത്തെ മത്സ്യസംസ്കരണ ശാലകളിൽ നിന്ന് പുറന്തള്ളുന്ന മലിനജലം ചന്തിരൂർ-പുത്തൻതോട് ഉൾപ്പെടെയുള്ള ജലാശയങ്ങളെ മലിനീകരിക്കപ്പെടുകയും ഇതുമൂലം സാംക്രമിക രോഗങ്ങൾ പടരുകയും ചെയ്യുന്നു. ഇതേത്തുടർന്ന് തദ്ദേശവാസികൾ അവിടെയുണ്ടാകുന്ന മാലിന്യപ്രശ്നത്തിന് പരിഹാരം വേണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയില്ലെങ്കിൽ അവിടെയുള്ള മത്സ്യ സംസ്കരണശാലകൾക്ക് പ്രവർത്തനാനുമതി നല്കരുതെന്നുള്ള ഹൈക്കോടതിയുടെ നിർദ്ദേശത്തെത്തുടർന്ന് അവിടെ ഒരു പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കുന്നതിന് Pollution Control Board സർക്കാരിനു വേണ്ടി ഉറപ്പുനല്കിയതുകൊണ്ടാണ് അനേകായിരമാളുകൾ ജോലി ചെയ്യുന്ന ഈ മത്സ്യ സംസ്കരണശാലകൾ ഇപ്പോൾ പ്രവർത്തിക്കുന്നത്. മാലിന്യപ്രശ്നങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

പരിഹാരം കാണുന്നതിന് ഒരു പൊതു മലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കാൻ ബഹുമാനപ്പെട്ട ഗൗരിയമ്മ മുൻകൈ എടുത്ത് അരൂർ, എഴുപുന്ന, കോടൻതുരുത്ത് എന്നീ പഞ്ചായത്ത് പ്രതിനിധികൾ, വ്യവസായ പ്രമുഖർ, എം.എൽ.എ., എം.പി. എന്നിവരെയൊക്കെ ഉൾക്കൊള്ളിച്ചുകൊണ്ട് 'ACCEPT" (Aroor-Chandiroor Common Effluent Plant for Treatment) എന്ന പേരിൽ 2000-ൽ ഒരു സൊസൈറ്റി രൂപീകരിച്ച് അതിന്റെ ഉടമസ്ഥതയിൽ പണം സമാഹരിച്ച് ചന്തിരൂരിൽ 73 സെന്റ് സ്ഥലം വാങ്ങിയതാണ്. ഒരു Common Effluent Plant for Treatment സ്ഥാപിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് 2007-ൽ സർക്കാർ 25 ലക്ഷം രൂപ അനുവദിക്കുകയും ആ തുക സൊസൈറ്റിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും അതേത്തുടർന്നുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പ്ലാന്റ് നിർമ്മിക്കാനുള്ള വിശദമായ പ്രോജക്ട് തയ്യാറാക്കുകയും കേന്ദ്ര സഹായം സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന 'അസൈഡ്' സ്കീമിൽ നിന്ന് കിൻഫ്ര മുഖേന സംസ്ഥാന സർക്കാർ 6 കോടി രൂപ അനുവദിച്ചതുമാണ്. 2011 ഫെബ്രുവരിയിൽ ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റ് സ്പീച്ചിൽ 5 കോടി രൂപ ഈ പ്ലാന്റിന് അനുവദിക്കുകയും ചെയ്തു. എന്നാൽ സർക്കാർ മാറുകയും 2011 ജൂലൈ മാസത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മാണിസാർ ബഡ്ജറ്റ് പുതുക്കി അവതരിപ്പിച്ചപ്പോൾ ആ നിർദ്ദേശം കണ്ടില്ല. അതേത്തുടർന്ന് ഞാൻ ഇവിടെ സബ്മിഷൻ ഉന്നയിക്കുകയും അന്ന് ഈ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന ബഹുമാനപ്പെട്ട മന്ത്രി അടൂർ പ്രകാശ് പണം അനുവദിക്കമെന്ന് നിയമസഭയിൽ .സബ്മിഷന് മറുപടിയായി ഉറപ്പുനല്കിയിരുന്നതുമാണ്. 2015-ൽ ക്യാബിനറ്റ് തീരുമാനപ്രകാരം ചന്തിരൂരിൽ ഒരു പൊതു മലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചു. 2011-ൽ 'അസൈഡ്' സ്കീമിലൂടെ അനുവദിച്ച 6 കോടിരൂപ ചെലവഴിക്കാത്തതിനെത്തുടർന്ന് തുക ഇപ്പോൾ ലഭ്യമല്ല. ആ തുക മറ്റാവശ്യങ്ങൾക്കായി വിനിയോഗിച്ചു.

<u>മി. ചെയർമാൻ</u> : .....യെസ് .....പ്ലീസ്..... കൺക്ലൂഡ്. സബ്മിഷന് 2 മിനിറ്റിൽ കൂടുതൽ സമയം തരാൻ പറ്റില്ല.

<u>ശ്രീ. എ. എം. ആരിഫ്</u> : സർ, ഇല്ല.....രണ്ടു മിനിറ്റ് ആയുള്ളൂ. ഇപ്പോൾ ഒരു പൈസ പോലും കേന്ദ്രസർക്കാർ തരുന്നില്ല. അവിടെ പ്ലാന്റ് സ്ഥാപിക്കുമെന്ന് പറഞ്ഞതനുസരിച്ച് വിവിധ സംഘടനകൾ സർക്കാരിന് അഭിവാദ്യങ്ങൾ അർപ്പിച്ച് ബോർഡും മറ്റും വച്ചു. എന്നാൽ ഇപ്പോൾ ഒരു രൂപ പോലും ഫലത്തിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം 12 കോടി രൂപ ആവശ്യമാണ്. ആ തുക മുഴുവൻ സംസ്ഥാന ഗവൺമെന്റ് നല്കിയാൽമാത്രമേ ഈ പ്ലാന്റ് ഇവിടെ നിർമ്മിക്കാൻ കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്ലാന്റ് അവിടെ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചതുകൊണ്ട് ജനങ്ങൾ കാത്തിരിക്കുകയാണ്. അവിടെ വലിയ മാലിന്യ പ്രശ്നമുണ്ട്. സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടുന്ന ഗുരുതരമായ സ്ഥിതി വിശേഷമാണുള്ളത്. അതുകൊണ്ട് ഏത് മാർഗ്ഗേനയെങ്കിലും പണമനുവദിപ്പിച്ച് പ്ലാന്റിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടി സത്വരമായി സ്വീകരിക്കണമെന്നുള്ളതാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഇതിന്റെ ചരിത്രവും കാര്യങ്ങളുമൊക്കെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. വളരെ അത്യാവശ്യമുള്ള ഒരു കാര്യമാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയില്ലെങ്കിൽ പ്രവർത്തനാനുമതി നല്കരുതെന്നുള്ള ഹൈക്കോടതി നിർദ്ദേശത്തെത്തുടർന്ന് പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചു. 2013-ൽ കേന്ദ്ര ഗവൺമെന്റ് കിൻഫ്ര മുഖേന ഇതിനുവേണ്ടി 6 കോടി രൂപ അനുവദിച്ചു. എന്നാൽ ഇതിന്റെ ആകെ എസ്റ്റിമേറ്റ് ഏകദേശം 12 കോടിയോളം രൂപ വരും. ഇപ്പോഴത്തെ സ്ഥിതി എന്താണെന്നറിഞ്ഞാൽ, അതിന് കേന്ദ്ര സർക്കാർ എസ്.പി.വി. രജിസ്റ്റർ ചെയ്യണമെന്ന നിബന്ധന വച്ചിരിക്കുകയാണ്. സംസ്ഥാന സർക്കാർ ഇതിനുവേണ്ടി 2000-ൽ ഒരു സൊസൈറ്റി അവിടെ രജിസ്റ്റർ ചെയ്തിരുന്നതാണ്. എന്നാൽ ഇപ്പോൾ എസ്.പി.വി. രജിസ്റ്റർ ചെയ്യാനുള്ള തീരുമാനമെടുത്ത് അതിനുള്ള നടപടികൾ കൈക്കൊണ്ടു. പക്ഷേ, കേന്ദ്രഗവൺമെന്റ് ആ 6 കോടി രൂപ ബഡ്ജറ്റിൽനിന്ന് പിൻവലിച്ചു. കേന്ദ്ര സെക്ടറിലുള്ള സ്കീമുകൾ പലതും പിൻവലിച്ച കൂട്ടത്തിൽ ഇതും പിൻവലിച്ചു. അതുകൊണ്ട് ഇതിന്റെ മുഴുവൻ ബാധ്യതയും സംസ്ഥാന ഗവൺമെന്റുതന്നെ വഹിക്കേണ്ടിവരും. ഇത് നേരത്തെയുള്ള പദ്ധതിയായതിനാൽ തുക അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഏതായാലും ഈ പ്ലാന്റ് അവിടെ അത്യാവശ്യമാണ്. അതുകൊണ്ട് ഈ കാര്യത്തിൽ ചെയ്യാവുന്ന പരമാവധികാര്യങ്ങൾ ചെയ്യും എന്നുമാത്രമേ ഞാനിപ്പോൾ പറയുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly